**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5735** **18.11.2019 - ൽ മറുപടിക്ക്.**

**കാസർകോട് ജില്ലയിലെ രോഗബാധിതർക്കുള്ള റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| കാസർകോട് ജില്ലയിലെ കാൻസർ രോഗങ്ങളുൾപ്പെടെ മാരകരോഗങ്ങൾ ബാധിച്ച ആൾക്കാർ ഉള്ള കുടുംബങ്ങൾക്കും കിടപ്പുരോഗികൾക്കും ബി.പി.എൽ കാർഡുകാർക്ക് ലഭ്യമാകുന്ന തരത്തിൽ റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ? | മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും കുടുംബത്തിലെ ആർക്കെങ്കിലും മാരക രോഗങ്ങളായ എയ്ഡ്സ്, ക്യാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായം ഇല്ലാതെ ജീവിക്കാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവയിൽ ഏതെങ്കിലും ഉള്ള പക്ഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കാർഡ് നൽകി വരുന്നു. ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ട ഗുരുതര രോഗ ബാധിതർക്കും അടിയന്തിര ചികിത്സ ആവശ്യമുള്ളവർക്കും റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോരിറ്റി' എന്ന സീൽ പതിച്ച് മുൻഗണനാ വിഭാഗത്തിനുള്ളത് പോലെ ചികിത്സാ ആനുകൂല്യങ്ങൾ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**